**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അബ്ദുൾ ലത്തീഫിനെതിരായ അച്ചടക്ക നടപടി - അപ്പീൽ അപേക്ഷ - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1339/2017/തസ്വഭവ    തീയതി, തിരുവനന്തപുരം, 26.04.2017

====================================================================

പരാമർശം: 1. ശ്രീ. പി.കെ. അബ്ദുൾ ലത്തീഫ്, മുൻ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 12.07.2016-ന് സമർപ്പിച്ച അപ്പീൽ അപേക്ഷ

2. പഞ്ചായത്ത് ഡയറക്ടറുടെ 23.06.2016-ലെ ഡി4-30034/2015 നമ്പർ നടപടിക്രമം

3. പഞ്ചായത്ത് ഡയറക്ടറുടെ 25.08.2016-ലെ ഡി4-30034/2015 നമ്പർ റിപ്പോർട്ട്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) വിഭാഗം നടത്തിയ പരിശോധനയിൽ ശ്രീ. മുഹമ്മദ് & അലവി എന്നവരുടെ ഉടമസ്ഥതയിലുള്ളതും കൊണ്ടോട്ടി വില്ലേജിൽ ഉൾപ്പെട്ടതുമായ 12/283/11-2 സർവ്വേ നമ്പർ നിലഭൂമിയിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ച് റസിഡൻഷ്യൽ ക്വാർട്ടേഴ്സ് പണിയുന്നതിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് കുറ്റാരോപിതനായ ശ്രീ. അബ്ദുൾ ലത്തീഫിനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും, സെക്രട്ടറിയുടെ ഭാഗത്ത് ഗുരുതരമായ വീഴ്ച വന്നിട്ടുള്ളതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമം പ്രകാരം ടിയാളുടെ 2 വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലമില്ലാതെ 2 വർഷത്തേക്ക് തടയുക എന്ന ശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു. പ്രസ്തുത നടപടിയിന്മേൽ ശ്രീ. അബ്ദുൾ ലത്തീഫ് പരാമർശം (1) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അപ്പീൽ അപേക്ഷകനെ നേരിൽ കേൾക്കുകയും ചെയ്തു. റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ, സ്വന്തമായി വീടോ, വീട് വയ്ക്കുവാൻ മറ്റ് കരഭൂമിയോ ഇല്ലായെന്ന് കണ്ടാൽ അവരുടെ താമസാവശ്യത്തിന് മാത്രം നിബന്ധനകളോടെയും പഞ്ചായത്ത്തല കമ്മിറ്റി പരിശോധിച്ച് മഹസ്സർ തയ്യാറാക്കി അംഗീകരിച്ചതിന്റെയും അടിസ്ഥാനത്തിലാണ് വീട് വയ്ക്കുവാൻ നിർമ്മാണ അനുമതി നൽകേണ്ടത്. ഇവിടെ ഇപ്രകാരമുള്ള നിബന്ധനകൾ ഒന്നും പാലിക്കാതെയാണ് റസിഡൻഷ്യൽ

ക്വാർട്ടേഴ്സ് പണിയുന്നതിന് അനുമതി നൽകിയിട്ടുള്ളത്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ച് റസിഡൻഷ്യൽ ക്വാർട്ടേഴ്സ് പണിയുന്നതിന് അനുമതി നൽകിയതിൽ സെക്രട്ടറിയുടെ ഭാഗത്ത് ഗുരുതരമായ വീഴ്ച വന്നതായി കാണുന്ന സാഹചര്യത്തിൽ പരാമർശം (1) ലെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. അബ്ദുൾ ലത്തീഫ്, മുൻ സെക്രട്ടറി, കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.931919/ഇപിബി3/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ